(ഡി) വിശദാന്വേഷണത്തിനു ശേഷമേ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരെന്ന് വ്യക്തമാകുകയുള്ളൂ. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഒ.പി. നം. 21663/99 എന്ന കേസ്സ് നിലവിലുണ്ട്.

334 (1527) ഗ്രാമപഞ്ചായത്തുകൾക്കനുവദിച്ച തുക

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക എത്രയാണ്;

(ബി) ഈ പദ്ധതിപ്രകാരം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക എത്രയാണ്;

(സി) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഏതെല്ലാം കാർഷിക കോൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിട്ടുണ്ട്;

(ഡി) ഇപ്രകാരം ഈ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുവാനുള്ള കാരണം എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം വികസന മേഖലകൾക്ക് പ്രത്യേകം തുക അനുവദിക്കുന്ന പതിവില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുകയാണു ചെയ്യുന്നത്. 1997-98 വാർഷിക പദ്ധതിയിൽ 8173 കാർഷിക പ്രോജക്ടുകൾക്ക് 91.43 കോടി രൂപയും 1998-99-ൽ 8021 കാർഷിക പ്രോജക്ടുകൾക്ക് 87.08 കോടി രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ടായിരുന്നു.

(ബി) വിവരം ലഭ്യമല്ല.

(സി)&(ഡി) പ്രത്യേകിച്ച് ഏതെങ്കിലും കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

335 (1528) 0% ഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നടപ്പാക്കുന്നതിൽ ശുഷ്കാന്തി കാണിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 വർഷത്തെ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള ഫണ്ട് വിഹിതം 50%പോലും ചെലവഴിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 1999-2000 വർഷത്തെ പദ്ധതിവിഹിതത്തിൽ ആദ്യഗഡു തുക ഇതിനകം ലഭിച്ചിട്ടില്ലാത്ത തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) അനുവദനീയമല്ലാത്ത ചെലവുകൾ പദ്ധതി വിഹിതത്തിൽനിന്ന് കുറവുചെയ്യുക, പദ്ധതിച്ചെലവ് നിശ്ചിത ശതമാനം ഉണ്ടായിട്ടില്ലെങ്കിൽ ആനുപാതികമായി തുടർന്നുള്ള വർഷത്തെ വിഹിതം വെട്ടിക്കുറയ്ക്കുക, നിശ്ചിത സമയത്തിനുള്ളിൽ പദ്ധതിരേഖയ്ക്ക് അംഗീകാരം നേടിയില്ലെങ്കിൽ ഒരു ഗഡു പദ്ധതി വിഹിതം അനുവദിക്കാതിരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അതിയന്നൂർ, തിരുവനന്തപുരം റൂറൽ എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1999-2000 വർഷത്തെ പദ്ധതി വിഹിതത്തിന്റെ ആദ്യഗഡു അനുവദിച്ചിട്ടില്ല.

336 (1529) സെൻ കമ്മിറ്റി റിപ്പോർട്ട്

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻ കമ്മിറ്റി റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതൊക്കെ ശുപാർശകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശുപാർശകളിൽ എത്രയെണ്ണം നടപ്പിലാക്കിയിട്ടുണ്ട്; അവയുടെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഓഡിറ്റ് കമ്മീഷൻ രൂപവൽക്കരിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി ശുപാർശകളിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിഷന്റെ ഘടന, അധികാരം പ്രാബല്യം എന്നിവ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) സെൻ കമ്മിറ്റി റിപ്പോർട്ടിലെ ഒന്നാം ഭാഗം 27.12.97-ലും രണ്ടും മൂന്നും ഭാഗങ്ങൾ 21.10.99-ലും സർക്കാരിന് ലഭിച്ചു.

(ബി) റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിൽ പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങൾക്കുള്ള ഭേദഗതി നിർദ്ദേശങ്ങളും രണ്ടാം ഭാഗത്തിൽ മറ്റു അനുബന്ധ നിയമങ്ങൾക്കുള്ള ഭേദഗതി നിർദ്ദേശങ്ങളും മൂന്നാം ഭാഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം സംബന്ധിച്ച ശുപാർശകളുമാണുള്ളത്. പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങൾ ഇതിനകം ഭേദഗതി ചെയ്തുകഴിഞ്ഞു. മറ്റു രണ്ടു റിപ്പോർട്ടുകളിലെ ശുപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) റിപ്പോർട്ടിൽ പരാമർശിക്കുന്ന മിക്ക നിയമഭേദഗതികളും പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ചിലത് നിലവിലുള്ള പഞ്ചായത്ത്-മുനിസിപ്പൽ ഭരണസമിതികളുടെ കാലാവധി തീരുന്ന മുറയ്ക്കുമാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. നിയമ ഭേദഗതികളിൽ പരാമർശിക്കുന്ന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രിബ്യൂണൽ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly